No. of Printed Pages : **7**

**5903**

Register Number

# Language — Part I — MALAYALAM

Time : 3.00 Hours ] [ Maximum Marks : 90

**നിർദ്ദേശങ്ങൾ :** (1) ചോദ്യക്കടലാസിലെ അച്ചടിയുടെ ഗുണ നിലവാരം പരിശോധിക്കുക. ന്യൂനതകളുണ്ടെങ്കിൽ ഹാൾ സൂപ്പർവൈസറുമായി ബന്ധപ്പെടുക.

(2) എഴുതുവാനും അടിവരയിടുവാനും കറുപ്പോ നീലയോ നിറത്തിലുള്ള മഷി മാത്രം ഉപയോഗിക്കുക.

## ഭാഗം – I

**എല്ലാ** ചോദ്യങ്ങൾക്കും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക. **14x1=14**

Choose the right answer and answer **all** the questions.

**1.** 'വിദുരോപദേശം' എന്ന കാവ്യഭാഗം മഹാഭാരതത്തിലെ ഏതു പർവ്വത്തിൽ നിന്നെടുത്തതാണ് ?

(a) കർണപർവ്വം (b) ദ്രോണപർവ്വം (c) ഭീഷ്മപർവ്വം (d) സ്ത്രീപർവ്വം

**2.** 'മകനോടാലോചിച്ചു ഭംഗിയാക്കണം പന്തൽ' – ഇങ്ങനെ പറഞ്ഞതാരാണ് ?

(a) പെരുന്തച്ചൻ (b) തമ്പുരാൻ (c) ആശാരിമാർ (d) നാട്ടുകാർ

**3.** രാഘവൻ എന്ന് വിശേഷിപ്പിക്കുന്നത് ആരെയാണ് ?

(a) രാവണൻ (b) രാമൻ (c) വസിഷ്ഠൻ (d) വാത്മീകി

**4.** 'നീയെഴുതാറില്ലീയിടെ' യെന്നു വിഷാദം കൊള്ളുന്നത് ആരാണ് ?

(a) വായനക്കാർ (b) കവി

(c) ആസ്വാദകർ (d) സമാനഹൃദയൻ

**5.** താഴെപ്പറയുന്നവയിൽ എം. ടി. വാസുദേവൻ നായരുടെ നോവൽ ഏതാണ് ?

(a) രണ്ടാമൂഴം (b) ഖസാക്കിന്റെ ഇതിഹാസം

(c) ബാല്യകാലസഖി (d) ഉമ്മാച്ചു

[ Turn over

https://www.tamilnaduboard.com

6. ഭാഷണത്തിൽ സഞ്ചാരപഥമായി വർത്തിക്കുന്നതെന്ത് ?

(a) ഉച്ചാരണം (b) ശബ്ദം (c) തരംഗം (d) വായു

7. ഭീഷ്മരുടെ പിതാവാരാണ് ?

(a) ദാസരാജാവ് (b) ശാന്തനു (c) ദിലീപൻ (d) വ്യാസൻ

8. ബിരുദാനന്തര ബിരുദങ്ങളുടെ തള്ളിക്കയറ്റത്തിൽ വംശനാശം സംഭവിച്ചുപോയ കൂട്ടർ എന്ന് ലേഖിക വിശേഷിപ്പിക്കുന്നത് ആരെയാണ് ?

(a) ആശുപത്രികൾ (b) ബ്രോക്കർമാർ

(c) കുടുംബ ഡോക്ടർ (d) സ്പെഷ്യലിസ്റ്റുകൾ

9. 'കണ്ണീർ തിളങ്ങുന്ന ഒരു വഴി' എന്ന കഥയിലെ കേന്ദ്ര കഥാപാത്രം ആരാണ് ?

(a) പ്രിയ (b) രമ (c) രാഹുൽ (d) നജ്മ

10. അമ്മേ നിങ്ങളെ കണ്ടാൽ ഒരു കോലാടിനെയാണ് ഓർമ്മവരിക. ഇങ്ങനെ പറഞ്ഞതാരാണ് ?

(a) ഡോക്ടർ (b) മൂത്തമകൻ (c) കഥാകൃത്ത് (d) ഇളയമകൻ

11. 'കോകസ്ത്രീ വിരഹത്തീയിൻ

പുകയല്ലോ തമസ്സിത് ' – ഇത് ഏത് അലങ്കാരത്തിന് ഉദാഹരണമാണ് ?

(a) രൂപകം (b) ഉപമ (c) ഉല്ലേഖം (d) ഉൽപ്രേക്ഷ

12. മൂന്നക്ഷരത്തിൽ അഞ്ചുമാത്ര വരുന്ന ഗണവ്യവസ്ഥയുള്ള വൃത്തം ഏതാണ് ?

(a) മഞ്ജരി (b) കാകളി (c) കളകാഞ്ചി (d) കേക

13. 'അരോഗാവസ്ഥ' എന്ന അർത്ഥം വരുന്ന പദം ഏതാണ് ?

(a) ആരോഗ്യം (b) രോഗം (c) അനാരോഗ്യം (d) രോഗി

14. നിഗ്രഹം എന്ന പദത്തിന്റെ വിപരീത പദം ?

(a) ഗ്രഹം (b) അനുഗ്രഹം (c) അപഗ്രഥം (d) വിഗ്രഹം

https://www.tamilnaduboard.com

**ഭാഗം – II**

**വിഭാഗം - 1**

**ഏതെങ്കിലും മൂന്ന്** ചോദ്യത്തിന് ഉത്തരമെഴുതുക. **3x2=6**

Answer **any three** questions.

**15.** 'നിഷ്ഫലമല്ലീ ജന്മം, തോഴ,

നിനക്കായ് പാടുമ്പോൾ

നിഷ്ഫലമല്ലീ ഗാനം നീയിതു

മൂളി നടക്കുമ്പോൾ'

(a) ഏതു പദ്യത്തിലെ വരികളാണിവ ?

(b) ഇതെഴുതിയ കവി ആരാണ് ?

**16.** 'അനഘാശയ ! ഹാ ! ക്ഷമിക്ക ! എൻ

മനവും ചേതനയും വഴങ്ങിടാ'

(a) ഏതു പദ്യത്തിലെ വരികളാണിവ ?

(b) എഴുതിയ കവി ആരാണ് ?

**17.** എഴുത്തച്ഛനെ മലയാള ഭാഷയുടെ പിതാവ് എന്ന് വിശേഷിപ്പിക്കാൻ കാരണമെന്ത് ?

**18.** ജി. ശങ്കരക്കുറുപ്പിനെക്കുറിച്ചെഴുതുക.

**വിഭാഗം - 2**

**ഏതെങ്കിലും രണ്ടു** ചോദ്യത്തിന് ഉത്തരം എഴുതുക. **2x2=4**

Answer **any two** questions.

**19.** ഒരു ഡോക്ടറുടെ യഥാർത്ഥ കർമ്മം എന്താണ് ?

**20.** ഓർമ്മ വച്ച മുതൽക്ക്ഏതു ശക്തികളെക്കുറിച്ചാണ് പാണ്ഡവരെ പ്രാർത്ഥിക്കാൻ പഠിപ്പിച്ചത് ?

**21.** എപ്പോഴാണ് ആശയ വിനിമയം നടക്കുന്നത് ?

[ Turn over

https://www.tamilnaduboard.com

## വിഭാഗം - 3

**ഏതെങ്കിലും ഏഴു** ചോദ്യത്തിന് ഉത്തരമെഴുതുക. 7x2=14

Answer **any seven** questions.

**22.** പിരിച്ചെഴുതുക.

(a) യന്ത്രപ്പാവ

(b) താമരയില

**23.** ചേർത്തെഴുതുക.

(a) കൈ + പിഴ

(b) പൂ + ഉടൽ

**24.** എതിർലിംഗം എഴുതുക.

(a) അനാഥ

(b) സുതൻ

**25.** താഴെക്കൊടുത്തിരിക്കുന്നവയിൽ ശരിയായ പദങ്ങൾ എടുത്തെഴുതുക.

(a) അർദ്ധനിദ്ര, അർത്ഥനിദ്ര

(b) നിശ്ശബ്ധം, നിശ്ശബ്ദം

**26.** ഏതെങ്കിലും രണ്ടു കടംകഥ ഉത്തരസഹിതം എഴുതുക.

**27.** ഏതെങ്കിലും രണ്ട് പഴഞ്ചൊല്ലെഴുതുക.

**28.** ഒറ്റപ്പദമാക്കുക.

(a) കോമളമായ രൂപം

(b) ഇടിയും മിന്നലും

**29.** വാക്യത്തിൽ പ്രയോഗിക്കുക.

(a) സേവനം

(b) നിഷ്ഫലം

**30.** ഏതെങ്കിലും രണ്ടു ശൈലി എഴുതുക.

https://www.tamilnaduboard.com

## ഭാഗം - III

### വിഭാഗം - 1

**ഏതെങ്കിലും രണ്ടു** ചോദ്യത്തിന് ഉത്തരം എഴുതുക. **2x4=8**

Answer **any two** questions.

**31.** 'എത്രപേരുരച്ചാലും തന്തയിതു ചെയ്യുമോ നാനീ' – ഏതു സംഭവത്തെക്കുറിച്ചാണ് പെരുന്തച്ചൻ പറയുന്നത് ?

**32.** ധൃതരാഷ്ട്രർ മോഹാലസ്യപ്പെട്ടു വീഴാൻ കാരണമെന്ത് ?

**33.** അമ്മ പൊരുതിയത് എന്തിനോടൊക്കെയാണ് ?

**34.** സമാനഹൃദൻ വിഷാദം കൊള്ളുന്നതെപ്പോൾ ?

### വിഭാഗം - 2

**ഏതെങ്കിലും രണ്ടു** ചോദ്യത്തിന് ഉത്തരം എഴുതുക. **2x4=8**

Answer **any two** questions.

**35.** ചെടികളിൽ മനുഷ്യവികാരങ്ങൾ പ്രവർത്തിക്കുന്നത് മാർസൽ പൊറഗൽ തെളിയിച്ചതെങ്ങനെ ?

**36.** വൈദ്യൻമാരോട് ഭയഭക്തി കലർന്ന ആദരവ് പ്രകടിപ്പിക്കുന്നതിന്റെ അടിസ്ഥാനമെന്ത് ?

**37.** കുന്തീ ദേവിയും മക്കളും ധൃതരാഷ്ട്രരെ കാണാൻ ചെന്ന രംഗം വിവരിക്കുക.

**38.** മൃഗഭാഷ എന്ന് വ്യവഹരിക്കുന്നത് എന്തിനെയാണ് ?

[ Turn over

https://www.tamilnaduboard.com

## വിഭാഗം - 3

**ഏതെങ്കിലും മൂന്നു** ചോദ്യത്തിന് ഉത്തരം എഴുതുക. 3x4=12

Answer **any three** questions.

**39.** താഴെ കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

കാലം ചെല്ലുന്തോറും പഴഞ്ചൊല്ലുകളുടെ പ്രയോഗം കുറഞ്ഞുവരുന്നതും മുതിർന്ന തലമുറയുടെ മാത്രം ഭാഷണ സവിശേഷതയായി അതു ചുരുങ്ങിപ്പോകുന്നതും ഒരർത്ഥത്തിൽ ആശങ്കാജനകമായ കാര്യമാണ്. പുതിയ തലമുറയ്ക്കു പല പഴഞ്ചൊല്ലുകളും കേട്ടാൽത്തന്നെ മനസ്സിലാവാത്ത സ്ഥിതിവരെയുണ്ട്. അത്തരം ഭാഷാ പ്രയോഗങ്ങൾ പഴഞ്ചനും അപരിഷ്കൃതവുമാണെന്ന ധാരണയും പ്രബലമാണ്. ചിലരുടെ സംഭാഷണത്തിലെ ക്ലീഷേയുടെ സ്ഥാനം മാത്രമാണ്, മിക്കവാറും ഇന്നത്തെ തലമുറ പഴഞ്ചൊൽ പ്രയോഗങ്ങൾക്ക് നൽകിയിട്ടുള്ളത്. എന്നാൽ ദൃശ്യമാധ്യമ രംഗത്തു പഴഞ്ചൊല്ലുകളുടെയും ശൈലികളുടെയും പ്രയോഗം മുമ്പത്തെക്കാൾ കൂടിയിട്ടുണ്ടെന്ന കാര്യവും ശ്രദ്ധേയമാണ്. പരസ്യങ്ങൾ ശൈലികളുടെയും പഴഞ്ചൊല്ലുകളുടെയും സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നുണ്ട്.

(1) എന്താണ് ആശങ്കാജനകമായ കാര്യം ?

(2) പഴഞ്ചൊല്ലുകൾ എന്നു കേട്ടാൽ തന്നെ മനസ്സിലാവാത്തത് ആർക്കാണ് ?

(3) ഏതു രംഗത്താണ് പഴഞ്ചൊല്ലുകളുടെയും ശൈലികളുടെയും പ്രയോഗം മുമ്പത്തെക്കാൾ കൂടിയിട്ടുള്ളത് ?

(4) ആരാണ് ശൈലികളുടെയും പഴഞ്ചൊല്ലുകളുടെയും സധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നത് ?

**40.** താഴെ കൊടുത്തിരിക്കുന്ന വരികളുടെ ആശയം സ്വന്തം വാക്യത്തിലെഴുതുക.

അമ്മ വെറുതെയിരിക്കുന്നത്
ഞാൻ കണ്ടിട്ടേയില്ല രക്തസമ്മർദ്ദവും
ചുമയും കിതപ്പും ഒന്നിച്ചു ശ്വാസം മുട്ടിക്കുന്ന
ഈ എൺപതിലും അവർ പാടത്തോ
തൊടിയിലോ പശുത്തൊഴുത്തിലോ
കുട്ടികളെ കുളിപ്പിച്ച തന്റെ കൈകൾ അഴുക്കാക്കുന്നു.

**41.** യോജിപ്പിക്കുക :

| | | | |
|---|---|---|---|
| (1) | ചിന്താവിഷ്ടയായ സീത | - | സച്ചിദാനന്ദൻ |
| (2) | പെരുന്തച്ചൻ | - | എഴുത്തച്ഛൻ |
| (3) | വിദുരോപദേശം | - | ജി. ശങ്കരക്കുറുപ്പ് |
| (4) | അമ്മ | - | കുമാരനാശാൻ |

https://www.tamilnaduboard.com

42. 'ആരോഗ്യ സംരക്ഷണം' എന്ന വിഷയത്തെ ആസ്പദമാക്കി ഒരു ഉപന്യാസം തയ്യാറാക്കുക.

43. നിങ്ങൾ കണ്ട ഒരു സിനിമയെക്കുറിച്ച് സുഹൃത്തിന് കത്തെഴുതുക.

### ഭാഗം - IV

**എല്ലാ** ചോദ്യങ്ങൾക്കും ഉത്തരം എഴുതുക. **3x6=18**

Answer **all** the questions.

44. (a) 'ചിന്താവിഷ്ടയായ സീത' എന്ന പദ്യഭാഗത്തെ ആസ്പദമാക്കി സീതയുടെ ചിന്തകൾ സംഗ്രഹിക്കുക ?

**അല്ലെങ്കിൽ**

(b) പെരുന്തച്ചൻ എന്ന കവിതയിലെ പ്രമേയം സ്വന്തം വാക്യത്തിൽ എഴുതുക.

45. (a) ദേവവ്രതൻ ഭീഷ്മരായതെങ്ങനെ ?

**അല്ലെങ്കിൽ**

(b) മറ്റേതൊരു സേവന രംഗത്തേക്കാളും വൈദ്യ രംഗത്തെ ഉന്നതമാക്കുന്നത് എന്തൊക്കെയാണെന്ന് 'നീതിയുടെ കാവൽക്കാർ' എന്ന പാഠഭാഗത്തെ ആസ്പദമാക്കി സമർത്ഥിക്കുക.

46. (a) 'കോലാട്' എന്ന കഥ ചുരുക്കി എഴുതുക.

**അല്ലെങ്കിൽ**

(b) കടൽത്തീരത്ത് എന്ന കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

### ഭാഗം - V

പദ്യഭാഗം പൂരിപ്പിക്കുക. **1x6=6**

47. സഞ്ജയൻ ചൊന്നതു ................ തളിച്ചു സലിലവും.

**അല്ലെങ്കിൽ**

പ്രിയ രാഘവ ................ സ്ഥാനമിതാദിധാമമാം.

- o O o -

https://www.tamilnaduboard.com